ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വൈൻറപ്പ് ചെയ്യുമെന്ന് പറയുന്നില്ല. നമ്മൾ 8 കോടി രൂപയാണ് ഗാർഹിക ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന തുക. അതിനുവേണ്ട എസ്റ്റാബ്ലിഷ്മെൻറ് എക്സ്പെൻറിച്ചർ വളരെ കൂടുതലാണ്. സംസ്ഥാനത്തിന് പുറത്തുകൊടുക്കുന്ന വിദ്യുച്ഛക്തി സപ്ലൈക്ക് എസ്റ്റാബ്ലിഷ്മെൻറ് എക്സ്പെൻറിച്ചറില്ല. അതുകൊണ്ട് അങ്ങനെ കിട്ടുന്ന പണം മിച്ചവില്ലാതെ നമുക്ക് കിട്ടുന്നതാണ്. സംസ്ഥാനത്ത് വിദ്യുച്ഛക്തി ഉപഭോക്താക്കൾ കൂടുമ്പോൾ, സ്വാഭാവികമായും കൂടുതൽ ചെലവ് വരും. ഇതിനെപ്പറ്റിയൊക്കെ കാര്യമായി ആലോചിക്കേണ്ടതാണ്. അതുകൊണ്ട് ധാരാളം ഭരണച്ചെലവുകൾ കുറയ്ക്കുക എന്നതാണ് അതിൻറെ ഏക പോംവഴി.

ശ്രീ. കെ.പി. നൂറുദ്ദീൻ: സർ, ഗവൺമെൻറിലേക്ക് ഇലക്ട്രിസിറ്റി ബോർഡ് കൊടുക്കാനുള്ള തുകയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം, വോൾട്ടേജ് കമ്മി, കൃത്യമായ തെരുവുവിളക്കുകൾ, വിതരണം ഇവയെ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെൻറിൽനിന്നും കൂടുതൽ തുക ലോൺ എടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഗവൺമെൻറിൽനിന്നും ഈ പ്ലാൻ സ്കീമിൽ വെച്ചിരിക്കുന്ന തുകയെ കൊടുക്കാൻ പറ്റുകയുള്ളൂ. അടുത്ത അഞ്ചുകൊല്ലത്തെ പ്ലാനിൽ ഇലക്ട്രിസിറ്റിയെ സംബന്ധിച്ചിടത്തോളം ഒരു അലോട്ട്മെൻറുണ്ട്. ഏതാണ്ട് 50 കോടി വീതം അലോട്ട്മെൻറുണ്ട്. ഇത് ഗവൺമെൻറിൽനിന്നും മാത്രമല്ല കിട്ടുന്നത്. ഓപ്പൺ മാർക്കറ്റ് ലോൺ, എൽ. ഐ. സി. യുടെ ലോൺ, ബാങ്കിംഗ് സ്ഥാപനങ്ങളിൽനിന്നും കൊടുക്കുന്ന ലോൺ അങ്ങനെയൊക്കെയാണ് കിട്ടുന്നത്. പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചതിനേക്കാൾ കൂടുതൽതുക കൊടുക്കാൻ ഗവൺമെൻറിന് കഴിയുമെന്ന് തോന്നുന്നില്ല.

(ചോദ്യം നമ്പർ 628 ചോദിച്ചില്ല.)

മി. സ്പീക്കർ: ചോദ്യം 629.

ചോദ്യം ചോദിച്ച അംഗങ്ങൾ ആരും സഭയിലില്ല.

(ചോദ്യം 629 ചോദിച്ചില്ല.)

ഇലക്ട്രിസിറ്റി ബോർഡിന് സംസ്ഥാന ഗവൺമെൻറിൻറെ ലോൺ

* 575 (630) ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, വർക്കല രാധാകൃഷ്ണൻ:

,, വി. വി. ദക്ഷിണാമൂർത്തി:

,, കോലിയക്കോട് എൻ. കൃഷ്ണൻനായർ:

,, ജി. വരദൻ:

,, വി. എസ്. ചന്ദ്രശേഖരൻപിള്ള:

,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് സംസ്ഥാന ഗവൺമെൻറ് ആകെ എന്തു തുക ലോൺ തന്നിട്ടുണ്ട്;

(ബി) ഇതിൻെറ പലിശയിനത്തിൽ ബോർഡിൽ നിന്നും കൊടുത്തു തീർക്കേണ്ട സംഖ്യ എത്ര വരും;

(സി) ലോണിൻമേലുള്ള പലിശയിനത്തിൽ 1981 മാർച്ച് അവസാനം വരെ എത്ര സംഖ്യ ഇളവനുവദിച്ചിട്ടുണ്ട്;

(ഡി) പലിശയിനത്തിൽ എത്ര സംഖ്യ കൊടുത്തുതീർത്തിട്ടുണ്ട്?

വിദ്യുച്ഛക്തി വകുപ്പ് മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ബോർഡിന് 1980 മാർച്ച് അവസാനംവരെ സംസ്ഥാന ഗവൺമെൻറിൽ നിന്നും 178·51 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി സപ്ലൈസ് ആക്ട് സെക്ഷൻ 60 (2) അനുസരിച്ച് ബോർഡ് രൂപീകരണസമയത്ത് ബോർഡിലേക്ക് കൈമാറിയ ആസ്തികളുടെ വിലയായ 23·82 കോടി രൂപയും ഇതിൽ ഉൾപ്പെടും.

(ബി) ഇതിൽ പലിശയിനത്തിൽ 1980 മാർച്ച് അവസാനംവരെ ബോർഡിൽനിന്നും 24·28 കോടി രൂപ ഗവൺമെൻറിന് കൊടുത്തിട്ടുണ്ട്. 1980–81-ലെ വാർഷിക കണക്കുകൂടി തിട്ടപ്പെടുത്തിയശേഷം, 1979–80-ലേയും 1980–81-ലേയും വാർഷിക പദ്ധതിക്ക് ഗവൺമെൻറിൽനിന്നു ലഭിക്കേണ്ട പദ്ധതി വിഹിതത്തിൽ കുറവുള്ള തുക പലിശയിനത്തിൽ ഗവൺമെൻറിൽ കൊടുക്കാനുള്ള തുകയിൽ വകയിരുത്തിയതിനുശേഷം മാത്രമേ യഥാർത്ഥത്തിൽ ബാക്കി എന്തു തുക പലിശയിനത്തിൽ ഗവൺമെൻറിന് കൊടുത്തുതീർക്കാനുണ്ടെന്ന് തിട്ടപ്പെടുത്താൻ സാധിക്കൂ.

(സി) 1981 മാർച്ച് അവസാനംവരെ 16·07 കോടി രൂപ ഗവൺമെൻറ് ഇളവനുവദിച്ചിട്ടുണ്ട്. 1980 മാർച്ച് അവസാനംവരെ 123·56 കോടി രൂപ പണമായി കൊടുത്തുതീർക്കുകയോ കണക്കിൽ അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കേരളാ ഗവൺമെൻറ് പുതിയ പബ്ലിക് ലോൺ ഫ്ളോട്ടുചെയ്യാൻ തീരുമാനിച്ചതായി പത്രത്തിൽ കണ്ടു. ഇലക്ട്രിസിറ്റി ബോർഡ് കൂടുതൽ ലോൺ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇല്ല. ഇലക്ട്രിസിറ്റി ബോർഡിന് പ്രത്യേകമാണ്. 10 കോടിയിൽപ്പരം രൂപ ലോൺ. അത് ഞങ്ങൾ ആദ്യമേ തന്നെ 5 കോടിയിൽ ചിലവാനം രൂപ എടുത്തു കഴിഞ്ഞു. ഇലക്ട്രിസിറ്റി ബോർഡിന് പത്തു കോടിയിൽ ചിലവാനം രൂപ റിസർവ് ബാങ്ക് അനുവദിച്ച ലോണാണ്, പ്ലാൻ മുഴുവനും അവയിൽ ചെയ്തു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: പുതിയ പദ്ധതികൾ തുടങ്ങുന്നതിന് ഇലക്ട്രിസിറ്റി ബോർഡിൽനിന്ന് കൂടുതൽ ലോൺ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, പുതിയ പദ്ധതികൾ തുടങ്ങുന്നതിന് പ്ലാനിംഗ് കമ്മീഷനുമായും കേന്ദ്ര ധനകാര്യവകുപ്പുമായും

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലോൺ വളരെക്കൂടുതൽ കൊടുക്കുന്നത് ഈ രാജ്യത്ത് ഇൻഫ്ലേഷൻ ഉണ്ടാകാൻ ഇടയാകും എന്നുള്ളതുകൊണ്ട് സാധനസാമഗ്രികളായി വിദേശ സഹായം തേടാൻ അനുവാദം വേണമെന്നുള്ള ധാരണയാണ് ഈ കാര്യത്തിലുള്ളത്. യന്ത്രസാമഗ്രികളോ നിർമ്മാണപ്രവർത്തനത്തിനാവശ്യമുള്ള മറ്റ് കാര്യങ്ങളോ പണമായി അല്ലാതെ പുറത്തുനിന്ന് സഹായം സ്വീകരിക്കുന്നതിന് അനുവദിച്ച് കേരളത്തിലെ ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകൾക്ക് സഹായം അനുവദിക്കുന്നതിനുള്ള സന്നദ്ധത കേന്ദ്രം പ്രകടിപ്പിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ അറിഞ്ഞിട്ടില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സർ, ഇലക്ട്രിസിറ്റി ബോർഡിന് സർക്കാരിന്റെ സഹായം മുഴുവൻ നൽകുന്നത് വായ്പയായിട്ടാണോ; വായ്പ അല്ലാതെ വല്ലതും ഉണ്ടോ?

ശ്രീ, ആർ. ബാലകൃഷ്ണപിള്ള: സ്ട്രീറ്റ് ലൈറ്റ് കത്തിക്കുന്നതിന് വളരെ നോമിനൽ ആയ ഒരു തുക ഗ്രാന്റായി കൊടുക്കുന്നതൊഴിച്ച് (ചുരുക്കം ലക്ഷങ്ങൾ മാത്രമാണ്) ബാക്കി മുഴുവൻ തുകയും ലോണായിട്ടാണ് കൊടുക്കുന്നത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: മുഴുവൻ തുകയും വായ്പയായുള്ള സ്ഥിതിക്ക് ഈ വായ്പയിൽ ഏതെങ്കിലും ഷെയർക്യാപ്പിറ്റലായി മാറ്റുന്നതിന് വല്ല നിർദ്ദേശവും ഉണ്ടായിരുന്നോ? അല്ലെങ്കിൽ അത്തരം ഒരു നിർദ്ദേശം പരിഗണിക്കുന്നതിനു പ്രയാസമുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആക്ടിൽ വ്യവസ്ഥയുണ്ട്. ഷെയർ എടുക്കാനുള്ള പ്രൊവിഷൻ ഇല്ല. ലോൺ എടുക്കുന്നതിനുള്ള വ്യവസ്ഥ മാത്രമേയുള്ളു. ഇലക്ട്രിക് സപ്ലൈ ആക്ടിൽ പറയുന്നതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ തൽക്കാലം ആക്ടിൽ ഭേദഗതിവരുത്താതെ സാദ്ധ്യമല്ല, ലോണായി മാത്രമേ കഴിയൂ.

ശ്രീ. വി, എസ്. ചന്ദ്രശേഖരൻ പിള്ള: ഷെയർ ക്യാപിറ്റൽ ഉള്ള ഒരു സ്ഥാപനമാണോ ഇത്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതിന്റെ മുഴുവൻ ക്യാപിറ്റലും ഗവൺമെന്റിൽനിന്നും തരുന്നതാണ്.

ശ്രീ. ടി. കെ. ആറുമുഖൻ: 178.51 കോടി രൂപ വായ്പ എടുത്തു എന്നു പറഞ്ഞു. ആ വായ്പയുടെ പലിശ 24.28 കോടി രൂപയാണെന്നും പറഞ്ഞു. പലിശ നിരക്ക് എത്രയാണെന്നും, ആകെ പലിശ എത്ര കൊടുക്കേണ്ടിവരുമെന്നും വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതിനു മറുപടിപറഞ്ഞു സർ. മൊത്തം 178 1/2 കോടി രൂപയാണ് ലോൺ എമൗണ്ട്. 123.57 കോടി രൂപ പലിശയായി ഇതിനകം കൊടുത്തുകഴിഞ്ഞു. പത്തേമുക്കാൽ ശതമാനമാണ് ഗവൺമെന്റിലേക്ക് കൊടുക്കേണ്ട പലിശ. ആണ്ടോടാണ്ട് ഈ എമൗണ്ടിൽ പത്തേമുക്കാൽ ശതമാനം വീതം പലിശ ഇങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കും,

LIBRARY ARCHIVES Kerala Legislative Assembly